ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിനുള്ള പരിസ്ഥിതി ക്ലിയറൻസ് ലഭിച്ചതിനുശേഷം വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി ഭരണാനുമതിക്കായി നൽകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതുമാണ്. മേൽപ്പറഞ്ഞ ഓരോ പഠനങ്ങൾക്കും അതിന്റേതായ നടപടി ക്രമങ്ങൾക്കും നിശ്ചിത സമയം ആവശ്യമായതിനാലാണ് പദ്ധതി നിർമ്മാണത്തിന് കാലതാമസം നേരിടുന്നത്.

ഹാർബർ എഞ്ചിനീയറിംഗ്

109 (114) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് വഴി തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കിയ നിർമ്മാണ പ്രവൃത്തികളുടെ പേരും, അതിന് വേണ്ടി നീക്കിവച്ച തുകകളും അവ ഓരോന്നിനും ചെലവഴിച്ച തുകകൾ എത്രയെന്നും വ്യക്തമാക്കാമോ;

(ബി) നാളിതുവരെ പൂർത്തീകരിച്ച പണികൾ ഏതെല്ലാം;

(സി) പൂർത്തിയാകാത്ത പണികൾ ഓരോന്നും എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

മാവേലിക്കര മണ്ഡലത്തിലെ ഫിഷറീസ് വകുപ്പ് പ്രവർത്തനങ്ങൾ

110 (115) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് മുഖാന്തരം ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) സംസ്ഥാന ഫിഷറീസ് വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന മാർക്കറ്റ് നവീകരണത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) നിലവിൽ ഭരണാനുമതി ലഭ്യമായിട്ടുള്ള മാർക്കറ്റുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മാവേലിക്കര മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 3 റോഡു പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.

ക്രമ നമ്പർ	പ്രവർത്തിയുടെ പേര്	ഭരണാനുമതി തുക (ലക്ഷത്തിൽ)	റിമാർക്സ്
1	കൈപ്പുള്ളിക്കടവ് മേലോട്ടിൽ മുക്ക് റോഡ്	18.00	പ്രവൃത്തി പൂർത്തീകരിച്ചു.
2	പുലിമേൽ കല്ലുരിക്കുന്നേൽ മുക്ക് മുതൽ വള്ളക്കടവ് വരെയുള്ള റോഡ്	20.5	പ്രവൃത്തി പൂർത്തീകരിച്ചു.
3	തിരുഹൃദയക്കുന്ന് വിശ്വഭവനം മുക്ക് റോഡ്	8.8	പ്രവൃത്തി പുരോഗമിക്കുന്നു.

(ബി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന മാവേലിക്കര നിയോജക മണ്ഡലത്തിലെ പാലമേലിൽ 174.61 ലക്ഷം രൂപയുടെ ആധുനിക മത്സ്യമാർക്കറ്റ് സ്ഥാപിക്കുന്നു. മാർക്കറ്റിന്റെ നിർമ്മാണം 90% പൂർത്തീകരിച്ചുകഴിഞ്ഞു.

(സി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന നിലവിൽ ഭരണാനുമതി നൽകിയിട്ടുള്ള മാർക്കറ്റുകളുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു :

ക്രമ നമ്പർ	ഫിഷ്മാർക്കറ്റ്	അടങ്കൽ തുക (ലക്ഷത്തിൽ)
(1)	(2)	(3)
1	കുളത്തൂർ	137.55
2	ചിറയിൻകീഴ്	190.05
3	പാങ്ങോട്	250.00

(1)	(2)	(3)
4	പൂവച്ചൽ	103.57
5	കഴക്കൂട്ടം	232.64
6	നെടുമങ്ങാട്	238.5
7	വെഞ്ഞാറമൂട്	237.04
8	കോന്നി	225.75
9	പത്തനംതിട്ട	250.00
10	പാലമേൽ	174.61
11	ചെങ്ങന്നൂർ	103.74
12	കരുവാറ്റ	196.53
13	ഏറ്റുമാനൂർ	345.49
14	വൈക്കം	162.24
15	ചങ്ങനാശ്ശേരി	357.76
16	കോട്ടയം കോടിമാതാ	240.27
17	പൈക	80.26
18	പുള്ളുരുത്തി	230.36
19	നോർത്ത് പറവൂർ	250.00
20	ആലുവ	250.00

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
21	തേവര	150.00
22	മൂവാറ്റുപുഴ	160.00
23	കാലടി	239.77
24	ഉദയംപേരൂർ	125.62
25	മുളംതുരുത്തി	123.41
26	കുമിളി	119.71
27	തൊടുപുഴ	161.2
28	മാള	70.72
29	വടക്കാഞ്ചേരി	103.45
30	ഇരിഞ്ഞാലക്കുട	250.00
31	പട്ടാമ്പി	237.82
32	നിലമ്പൂർ	151.32
33	വണ്ടൂർ	112.31
34	കൽപ്പറ്റ	148.72
35	സുൽത്താൻബത്തേരി	196.56
36	പയ്യോളി	115.63
37	തലശ്ശേരി	250.00
38	കണ്ണൂർ	250.00
39	കാസർഗോഡ്	250.00
	ആകെ	7472.60

LIBRARY ARCHIVES Kerala Legislative Assembly